(ബി) എങ്കിൽ കണക്ക് വ്യക്തമാക്കുമോ?

ഉത്തരം

(എ)-(ബി) ഉണ്ട്. നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രണവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തുടനീളം 1040 നീതിസ്റ്റോറുകൾ 1-7-1997 മുതൽ പ്രവർത്തനമാരംഭിച്ചു. സംസ്ഥാന സർക്കാർ ഇതിനായി ആകെ 1570.35 ലക്ഷം രൂപ വിവിധയിനങ്ങളിലായി ധനസഹായം അനുവദിച്ചു നൽകിയിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

	പബ്ലിക്ക് വിതരണ കൺസ്യൂമർ ഫെഡറേഷന്	പ്രാഥമിക സഹകരണസംഘങ്ങൾക്ക്
1997-98	1004.40 ലക്ഷം രൂപ	300.00 ലക്ഷം രൂപ
1998-99	24.00 ലക്ഷം രൂപ	24.00 ലക്ഷം രൂപ
1999-2000	24.00 ലക്ഷം രൂപ	24.00 ലക്ഷം രൂപ
ആകെ	1052.40 ലക്ഷം രൂപ	348.00 ലക്ഷം രൂപ
ഓഹരി മൂലധനം		
1998-99	48.05 ലക്ഷം രൂപ	24.00 ലക്ഷം രൂപ
1999-2000	24.00 ലക്ഷം രൂപ	24.00 ലക്ഷം രൂപ
ആകെ	72.05 ലക്ഷം രൂപ	48.00 ലക്ഷം രൂപ
സബ്സിഡി		
1998-99	13.90 ലക്ഷം രൂപ	12.00 ലക്ഷം രൂപ
1999-2000	12.00 ലക്ഷം രൂപ	12.00 ലക്ഷം രൂപ
ആകെ	25.90 ലക്ഷം രൂപ	24.00 ലക്ഷം രൂപ

ഇൻഷ്വറൻസ് വകുപ്പിന്റെ ഓഫീസ് മാറ്റിയ നടപടി

21 (287)ശ്രീ. ഇസ്ഹാക് മുഴിക്കൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി സർക്കാരിന്റെ വിവിധ വകുപ്പുകളിലെ ഓഫീസുകളെല്ലാം ജില്ലാ ആസ്ഥാനത്തേയ്ക്ക് മാറ്റണമെന്ന് സർക്കുലറുകളോ ഗവൺമെന്റ് ഉത്തരവുകളോ ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത്തരത്തിലുള്ള ഓഫീസുകൾ എല്ലാ ജില്ലകളിലും ജില്ലാ ആസ്ഥാനങ്ങളിലേയ്ക്ക് മാറ്റി സ്ഥാപിച്ചിട്ടുണ്ടോ;

(സി) മേൽ പ്രസ്താവിച്ച ഉത്തരവുകൾ നിലവിലിരിക്കെ മഞ്ചേരിയിൽ പ്രവർത്തിച്ചിരുന്ന സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പിന്റെ ഓഫീസ് മലപ്പുറത്തേയ്ക്ക് മാറ്റാൻ കാരണമെന്തെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി സർക്കാരിന്റെ വിവിധ വകുപ്പുകളിലെ ആഫീസുകൾ ജില്ലാ ആസ്ഥാനത്തേയ്ക്ക് മാറ്റണമെന്ന് സർക്കുലറുകളും ഗവൺമെന്റ് ഉത്തരവുകളൊന്നുമില്ല.

(ബി) ബാധകമല്ല.

(സി) ഇൻഷ്വറൻസ് വകുപ്പിന്റെ സേവനം ആവശ്യമായിട്ടുള്ള സ്ഥാപനങ്ങൾ ഏറെയും മലപ്പുറത്ത് സ്ഥിതി ചെയ്യുന്നതിനാൽ പൊതു താൽപ്പര്യം കണക്കിലെടുത്ത് ഭരണ സൗകര്യാർത്ഥം ഈ വകുപ്പിന്റെ ജില്ലാ ഓഫീസ് മഞ്ചേരിയിൽനിന്നും മലപ്പുറത്തേയ്ക്ക് മാറ്റിയിട്ടുണ്ട്.

കടം തിരിച്ചടയ്ക്കുന്നതിൽ വീഴ്ച വരുത്തിയ സ്ഥാപനങ്ങൾ

22 (288)ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര ഗവൺമെന്റിന് ധനകാര്യ സ്ഥാപനങ്ങൾ കടം തിരിച്ചടയ്ക്കാനുള്ള തവണകൾ ഈ സാമ്പത്തിക വർഷം വീഴ്ച വരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഓരോ ഇനത്തിലും എത്ര തവണകൾ വീതം മുടങ്ങിയിട്ടുണ്ട്;

(സി) എത്ര തുകയാണ് ഇങ്ങനെ വീഴ്ച വരുത്തിയിട്ടുള്ളത്;

(ഡി) ഇതുകൊണ്ട് പലിശ ഇനത്തിൽ സർക്കാരിന് എത്ര തുക അധിക ചെലവ് വരും?

ഉത്തരം

(എ) ഈ സാമ്പത്തിക വർഷം ധനകാര്യ സ്ഥാപനങ്ങൾ കേന്ദ്ര ഗവമെന്റിന് കടം തിരിച്ചടയ്ക്കാനുള്ള തവണകളിൽ ഏതെങ്കിലും വീഴ്ച വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി)-(ഡി) മുൻ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

ആര്യങ്കാവ് വിൽപ്പനനികുതി ചെക്ക്പോസ്റ്റ് സ്തംഭിപ്പിച്ച സംഭവം

23 (289)ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000- മാണ്ട് മേയ്മാസത്തിൽ ഒരു സി.പി.ഐ. (എം) ലോക്കൽ നേതാവും സംഘവും ചേർന്ന് ആര്യങ്കാവ് വിൽപ്പനനികുതി ചെക്ക്പോസ്റ്റ് സ്തംഭിപ്പിച്ച സംഭവം ഉണ്ടായിട്ടുണ്ടോ;

(ബി) പ്രസ്തുത നേതാവ് പോലീസ് സാന്നിദ്ധ്യത്തിൽ ആ ചെക്ക് പോസ്റ്റിലെ പ്യൂണിനെ കൈയ്യേറ്റം ചെയ്യുകയും വിൽപ്പനനികുതി ഇൻസ്പെക്ടറെയും ജീവനക്കാരെയും ഭീഷണിപ്പെടുത്തുകയും ചെയ്തിട്ടുണ്ടോ;

(സി) പ്രസ്തുത ആൾ ചെക്ക്പോസ്റ്റിലെ ബാരിക്കേഡ് ഉയർത്തിയതിന്റെ ഫലമായി വിവിധ ചരക്കുമായെത്തിയ നിരവധി ലോറികൾ പരിശോധന കൂടാതെ ചെക്ക്പോസ്റ്റ് കടന്നുപോവുകയുണ്ടായോ;

(ഡി) ഇതുമൂലം എന്തു നഷ്ടം ഉണ്ടായിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly